പുളിങ്കുന്നിലും കാവാലത്തും ജംഗാറുകൾ

72 [3659] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്നിലും കാവാലത്തും പ്രവർത്തിപ്പിക്കുന്നതിനായി 2 മെക്കനൈസ് ചെയ്ത ജംഗാറുകൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശാനുസരണം ടെണ്ടർ ചെയ്തിരുന്നോ;

(ബി) ഈ ടെണ്ടർ പ്രകാരം കരാറുകാരൻ എന്നാണ് മെക്കാനിക്കൽ സുപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ എഗ്രിമെന്റ് വെച്ചത്;

(സി) എന്നത്തേക്ക് പണി പൂർത്തീകരിച്ച് ജംഗാറുകൾ ലഭ്യമാക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്;

(ഡി) ഈ ഇനത്തിൽ എന്തു തുക ഇതിനോടകം കരാറുകാരന് നല്കി എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പണി എന്ന് പൂർത്തീകരിക്കും;

(എഫ്) ഒരു നിശ്ചിത സമയത്തിനുള്ളിൽ ജംഗാറുകൾ നിർദ്ദിഷ്ട കടവുകളിൽ പ്രവർത്തനത്തിന് എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെണ്ടർ ചെയ്തിരുന്നു.

(ബി) 7-3-2000-ലാണ് എഗ്രിമെന്റ് വച്ചത്.

(സി) 6-9-2000-ൽ പണി പൂർത്തീകരിച്ച് ലഭ്യമാക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്.

(ഡി) 61,49,976 രൂപ കരാറുകാരന് നല്കിയിട്ടുണ്ട്.

(ഇ) 30-9-2004 വരെ കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചെങ്കിലും കരാറുകാരൻ സപ്ളിമെന്ററി എഗ്രിമെന്റ് ഇതുവരെയും വച്ചിട്ടില്ല. ആയതിനാൽ പണി എന്ന് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(എഫ്) സ്വീകരിക്കാം.

തീരദേശ മത്സ്യമേഖലാ വികസന പരിപാലന പദ്ധതി

73 [3660] ശ്രീ. റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മത്സ്യമേഖലാ വികസന പരിപാലന പദ്ധതിക്ക് സർക്കാർ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 13-7-2004-ലെ സർക്കാർ ഉത്തരവ് (പി) 29/04/മത്സ്യ. പ്രകാരം മത്സ്യ മേഖലാ വികസന പരിപാലന നയം രൂപീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ തീരദേശ മത്സ്യമേഖലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നു.

(സി) ഉടനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ നടപടി

74 [3661] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ:
" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി പഴ്സ്സീൻ, റിംഗ്സീൻ പെലാജിക് ട്രോൾ മിഡ് വാട്ടർ ട്രോൾ എന്നീ വലകൾ നിരോധിച്ചിട്ടുണ്ട്.

ബോട്ടം ട്രോളിംഗിന് 35 മില്ലിമീറ്ററിൽ കുറവു കണ്ണിവലുപ്പമുള്ള വലകൾ നിരോധിച്ചിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകൾ രാത്രികാലങ്ങളിൽ തീരത്ത് ട്രോളിംഗ് നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനം കാലാകാലങ്ങളിൽ ഏർപ്പെടുത്താറുണ്ട്.

പ്രധാനപ്പെട്ട അഴിമുഖങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. മത്സ്യസമ്പത്ത് പോഷിപ്പിക്കുന്നതിനായി കൃത്രിമ പാരുകൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly